Syro Malabar Commission for Liturgy



# നോമ്പ് ആറാം ബുധൻ - മത്താ 18: 15-20

പരസ്പരം തിരുത്തേണ്ടതിന്റെയും അനുരഞ്ജനപ്പെടേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചാണ് നോമ്പ് ആറാം ബുധനാഴ്ചയിലെ സുവിശേഷഭാഗം പ്രതിപാദിക്കുന്നത്. കേസറിയാ ഫിലിപ്പിയിൽവച്ച് പത്രോസിനാണ് കെട്ടാനും അഴിക്കാനുമുള്ള അധികാരം നല്കിയതെങ്കിൽ (മത്താ 16: 19) ഈ സുവിശേഷഭാഗത്തിലൂടെ ഈ അധികാരം ഈശോ സഭയ്ക്കും എല്ലാ ശിഷ്യന്മാർക്കും നല്കുന്നു. സഭാമക്കളെ ശിക്ഷണത്തിൽ വളർത്താനുള്ള അധികാരം ഈശോയിൽനിന്നാണ് സഭയ്ക്ക് ലഭിച്ചിരിക്കുന്നതെന്ന് വി. ആഗസ്തീനോസ് പ്രസ്താവിക്കുന്നു.

അയല്ക്കാരനെ നീ ശാസിക്കണം അല്ലെങ്കിൽ അവൻമൂലം നീ തെറ്റുകാരനാകും എന്നാണ് ലേവ്യർ 19: 17 -ൽ പറയുന്നത്. അപരന്റെ തെറ്റിനെക്കുറിച്ച് മൗനം പാലിക്കുന്നവൻ അവനോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നില്ല. എളിയവരിൽ ഒരുവൻപോലും നഷ്ടമാകരുതെന്നാണ് ദൈവപിതാവ് ആഗ്രഹിക്കുന്നത്. അവരെ ശാസിച്ച് മടക്കിക്കൊണ്ടുവരണം. സഹോദരന്റെയും സമൂഹത്തിന്റെയും നന്മ ഉദ്ദേശിച്ചായിരിക്കണം തെറ്റുതിരുത്തുന്നത്.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ് കാക്കനാട്        Read more:www.syromalabarliturgy.org